നെല്ല് സംഭരണ ഏജൻസികൾക്കുള്ള സഹായം

319 [1249] *ശ്രീ. കെ. മുഹമ്മദാലി:*
ഡോ. എം. എ. കുട്ടപ്പൻ:
ശ്രീ. ജോർജ് ജെ. മാത്യു:
,, *പി. ടി. തോമസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ല് സംഭരിക്കുന്ന പരിപാടി പ്രകാരം ഈ വർഷം എത്ര ക്വിന്റൽ നെല്ല് കുട്ടനാട്ടിൽ നിന്നും സംഭരിച്ചു;

(ബി) ഈ കാലയളവിൽ പാലക്കാട്ടുനിന്നും സംഭരിച്ച നെല്ല് എത്ര;

(സി) എത്ര ഏജൻസികൾ സംഭരണത്തിൽ ഏർപ്പെട്ടു;

(ഡി) സംഭരണ ഏജൻസികൾക്ക് എന്തെല്ലാം സഹായം വാഗ്ദാനം ചെയ്തിരുന്നു;

(ഇ) വാഗ്ദാന പ്രകാരമുള്ള സഹായങ്ങൾ നൽകിയോ;

(എഫ്) ഈ ഏജൻസികൾ സംഭരിച്ച നെല്ല് സപ്ലൈകോ വഴി അരിയാക്കി റിറ്റുവോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 3,79,520 ക്വിന്റൽ നെല്ലു സംഭരിച്ചു. (2004-2005)

(ബി) 2004-2005-ൽ 676916.85 ക്വിന്റൽ നെല്ലു സംഭരിച്ചു.

(സി) 172 ഏജൻസികൾ.

(ഡി) ഇതുസംബന്ധിച്ച് നിലവിലുള്ള ഉത്തരവുകൾ പ്രകാരം സംഭരിച്ച നെല്ലിന് ക്വിന്റലിന് 85 രൂപ നിരക്കിൽ കൈകാര്യച്ചെലവിനും 10 രൂപ ഗോഡൗൺ ചാർജും നൽകുന്നുണ്ട്. കർഷകർ നെല്ല് നേരിട്ട് ഏജൻസികളിൽ എത്തിച്ചാൽ 50 രൂപ കർഷകനും 35 രൂപ സംഭരണ ഏജൻസികൾക്കും ലഭിക്കും. സംഭരിച്ച നെല്ല് അരിയാക്കുന്നതിന് 1 കിലോഗ്രാമിന് 5 പൈസ നിരക്കിൽ ഏജൻസികൾക്ക് സബ്സിഡി നൽകുന്നു.

(ഇ) 2004-2005 വിരിപ്പു സീസണിൽ സംഭരിച്ച നെല്ലിന്റെ കൈകാര്യച്ചെലവ് നൽകിക്കഴിഞ്ഞു. എന്നാൽ കോട്ടയം ജില്ലയിൽ 9,09,705 രൂപ ഇനിയും നൽകാനുണ്ട്. 2004-2005 മുണ്ടകൻ, പുഞ്ച സീസണുകളിൽ സംഭരിച്ച നെല്ലിന്റെ കൈകാര്യച്ചെലവും നൽകാനുണ്ട്.

(എഫ്) ഇതുസംബന്ധിച്ച വിശദാംശം കൃഷിവകുപ്പിൽ ലഭ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly